കേരള സർക്കാർ

സംഗ്രഹം

ആലപ്പുഴ ജില്ല – മാന്നാർ ഗ്രാമ പഞ്ചായത്ത് - ലോക്കൽ ഫണ്ട് ആഡിറ്റ് 2002-03 – ഖണ്ഡിക 3 (5)- സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.2987/12/തസ്വഭവ. തിരുവനന്തപുരം, തീയതി:31.10.2012

പരാമർശം:
1. മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ 5.3.12-ലെ യോഗത്തിലെ V (5)- ാം നമ്പർ തീരുമാനം.
2. ആലപ്പുഴ ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27.3.12-ലെ യോഗത്തിലെ III (iv) - ാം നമ്പർ തീരുമാനം.
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴയുടെ 27.4.12-ലെ E.6-5682/12 നമ്പർ കത്ത്.
4. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18.8.12-ലെ L.F 10966/PT1/12 നമ്പർ കത്ത്.

<u>ഉത്തരവ്</u>

മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് ഖണ്ഡിക 3 (5) പ്രകാരം തടസ്സപ്പെടുത്തിയ വില്ലേജ് ഓഫീസ് - പള്ളിയമ്പിൽ ചിറമേത്തുപടി റോഡിന്റെ ടാറിംഗിനായി സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതമായി വി.റ്റി.സി ഗ്രാന്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രവൃത്തിയുടെ ചെലവായ 78,617/- രൂപ വകമാറ്റി പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്തതിന് സർക്കാർ സാധൂകരണം നൽകണമെന്ന് 1,2 പരാമർശങ്ങളിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) -ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , ആലപ്പുഴ അപേക്ഷിക്കുകയുണ്ടായി.

2. പ്രസ്തുത ഒഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ 5.3.12-ലെ യോഗത്തിന്റെ V (5)- ാം നമ്പർ തീരുമാനം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 27.3.12-ലെ III (iv) - ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ചും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നതിനാലും മാന്നാർ ഗ്രാമ പഞ്ചായത്തിന്റെ 2002-03 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3 (5) പ്രകാരം തടസ്സപ്പെടുത്തിയ വില്ലേജ് ഓഫീസ് - പള്ളിയമ്പിൽ ചിറമേത്തുപടി റോഡിന്റെ ടാറിംഗിനായി സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതമായി വി.റ്റി.സി ഗ്രാന്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പ്രവൃത്തിയുടെ ചെലവായ 78,617/- രൂപ (എഴുപത്തെണ്ണായിരത്തി അറുനൂറ്റി പതിനേഴ് രൂപ മാത്രം) വകമാറ്റി പ്ലാൻ ഫണ്ടിൽ നിന്നും ചെലവ് ചെയ്ത ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) , കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മാന്നാർ ഗ്രാമ പഞ്ചായത്ത്, മാന്നാർ പി.ഒ, ആലപ്പുഴ – 689622.
എ.കെ.എം, പ്രതീക്ഷ, പാങ്ങപാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.